ഭരണഭാഷ-മാതൃഭാഷ

ഹയർസെക്കന്ററിഡയറക്ടറുടെ
കാര്യാലയംഹൗസിംഗ്ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

സി.ജി& എ.സി/2094/2018/DHSE

തീയതി : 01/08/2018

## സർക്കുലർ

വിഷയം: സംസ്ഥാനത്തെ എല്ലാ ഗവ/എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലും **യോജന** മാസികയുടെ വിതരണം - സംബന്ധിച്ച്.
സൂചന:-ഹ.സെ.വി.സി.ജി & എ.സി സർക്കുലർ നം.2100/2018 തിയതി.27/06/2018.

2018-19 അക്കാദമിക വർഷം മുതൽ നിലവിൽ കരിയർ ഗൈഡൻസ് യൂണിറ്റ് ഇല്ലാത്ത സംസ്ഥാനത്തെ എല്ലാ ഗവ/എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലും കൂടി യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുള്ളതും വിശദാംശങ്ങൾ സൂചനാ സർക്കുലറിൽ പ്രതിപാദിച്ചിട്ടുള്ളതുമാണ്.

കരിയർ കോർണറിൽ +2 തുടർപഠനവുമായി ബന്ധപ്പെട്ട വിവരങ്ങൾ, തൊഴിൽ സാദ്ധ്യതകൾ, സ്കോളർഷിപ്പുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ പ്രദർശിപ്പിക്കുന്നതോടൊപ്പം തുടർപഠനം, തൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട പ്രസിദ്ധീകരണങ്ങൾ വിദ്യാർത്ഥികൾക്ക് വായിക്കുന്നതിനുള്ള സൗകര്യവും സ്കൂളധികൃതർ ബന്ധപ്പെട്ട അദ്ധ്യാപക രക്ഷാകർതൃ സമിതിയുടെ സഹായത്തോടെ സ്കൂളിൽ ഒരുക്കേണ്ടതാണ്. 2018 ജൂൺ മാസം മുതൽ ഇന്ത്യാ ഗവൺമെന്റ് പബ്ലിക്കേഷൻ ഡിവിഷന്റെ **യോജന** എന്ന മാസിക എല്ലാ ഗവ/എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലേയ്ക്കും അയക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. A Handbook on Courses & Careers After +2" എന്ന കൈപുസ്തകം സറ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതുപോലെ ഇതും ഉൾപ്പെടുത്തേണ്ടതും, കരിയർ കോർണറിൽ വിദ്യാർത്ഥികൾക്ക് വായനക്കായി ലഭ്യമാക്കേണ്ടതുമാണ്. ഏതെങ്കിലും സ്കൂളുകളിൽ കഴിഞ്ഞ ലക്കം ലഭിച്ചിട്ടില്ലായെങ്കിൽ താഴെപ്പറയുന്ന മേൽവിലാസത്തിൽ അറിയിക്കേണ്ടതാണ്.

Sd/-
State Co-ordinator
For Director

സ്റ്റേറ്റ് കോ-ഓർഡിനേറ്റർ
കരിയർ ഗൈഡൻസ്& കൗൺസിലിംഗ് സെൽ
ഹയർസെക്കന്ററി ഡയറക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തിനഗർ തിരുവനന്തപുരം.